(ബി) കടൽ മത്സ്യങ്ങളുടേയും ചെമ്മീനിന്റേയും പ്രജനന കാലത്ത് അവ നശിച്ചുപോകാതെ വളരുന്നതിനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുവാനും മത്സ്യ സമ്പത്തിൽ വർദ്ധനവ് ഉണ്ടാക്കാനുമാണ് ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നത്.

ട്രോളിംഗ്മൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ

128 (2407) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷവും ട്രോളിംഗും കാരണം സ്തംഭിച്ചിരിക്കുന്ന മത്സ്യത്തൊഴിൽ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ട്രോളിംഗ് കാലയളവിൽ സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലവർഷവും ട്രോളിംഗ് നിരോധനവും കാരണം മത്സ്യമേഖലയിൽ തൊഴിൽ സ്തംഭനമോ ശോചനീയാവസ്ഥയോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലവർഷം കാരണം മുൻവർഷങ്ങളിലെ പോലെ തീരദേശ മേഖലയിൽ കടലാക്രമണം ഉണ്ടാകുന്നുണ്ട്. ഇതിനുള്ള ആശ്വാസ നടപടി റവന്യൂ, ഇറിഗേഷൻ വകുപ്പുകൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ മത്സ്യകാലത്ത് പഞ്ച മാസ പദ്ധതിയായി ഫിഷറീസ് വകുപ്പ് സമ്പാദ്യ സമാശ്വാസ പദ്ധതി വർഷങ്ങളായി നടപ്പാക്കുന്നുമുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

വിദേശ ടൂറിസ്റ്റുകളെ സഹകരണ ഹോട്ടലുകളിലേക്ക് അലോട്ട് ചെയ്യുന്നതിനെതിരെ നടപടി

129 (2408) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ടൂറിസ്റ്റ് വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ടൂറിസം വകുപ്പ് മുഖേന വിദേശത്തു നിന്നും എത്തുന്ന ടൂറിസ്റ്റുകളെ ഹോട്ടലുകളിലേക്ക് അലോട്ടു ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly